I ഇ.ബി. XI-കേരള നിയമസഭ/V15

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2003 ഫെബ്രുവരി 26, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ശ്രദ്ധക്ഷണിക്കൽ

(1) കെ.എസ്.ആർ ടി.സി.യെ പൊതുമേഖലയിൽത്തന്നെ നിലനിർത്തേണ്ടതിന്റെ ആവശ്യകത

**ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ** : കേരളത്തിലെ സാധാരണക്കാരും പാവപ്പെട്ടവരും തൊഴിലാളികളും ഭക്തജനങ്ങളും ഉൾപ്പെടെ ലക്ഷക്കണക്കിന് ആളുകളുടെ യാത്രാ ദുരിതം വർദ്ധിപ്പിക്കാൻ ഇടയാക്കിക്കൊണ്ട് കെ.എസ്.ആർ.ടി.സി.യെ സ്വാഭാവിക മരണത്തിലേക്ക് തള്ളിവിടുന്ന രീതിയിൽ ഈ ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന സമീപനം തിരുത്തി അതിനെ പുനരുജ്ജീവിപ്പിച്ച് ജനങ്ങളുടെ യാത്രാദുരിതം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. പയ്യന്നൂർ ഡിപ്പോ ഉൾപ്പെടെ പല ഡിപ്പോകളിലും യാതൊരു മുന്നറിയിപ്പും കൂടാതെ ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്നത് വിവിധ മേഖലകളിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ചില പ്രദേശങ്ങളിൽ തുടക്കം

മുതൽ ലാഭകരമായി ഓടുന്ന ബസ്സുകളുണ്ട്. 10–ാം പഞ്ചവൽസരപദ്ധതിയിൽ ഈ മേഖലയ്ക്കുവേണ്ടി തുകയൊന്നും നീക്കിവച്ചിട്ടില്ല എന്നുള്ളത് ഈ മേഖലയോടുള്ള നിരുത്തരവാദപരമായ സമീപനത്തെയാണ് സൂചിപ്പിക്കുന്നത്. അപ്പർ മിഡിൽ ക്ളാസ്സുകളിലെ ആളുകൾക്കുമാത്രം പ്രയോജനപ്പെടുന്ന രീതിയിൽ 55 ലക്ഷത്തോളം രൂപ വിലയുള്ള വോൾവോ ബസ്സുകൾ വാങ്ങിയ സ്ഥാനത്ത് അഞ്ചെട്ട് സാധാരണ ബസ്സുകൾ വാങ്ങിയിരുന്നെങ്കിൽ സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടുമായിരുന്നു. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സേവനമേഖലയായ കെ.എസ്.ആർ.ടി.സി.യെ ഈ രീതിയിൽ തകർക്കുന്ന സമീപനം സർക്കാർ ഉപേക്ഷിക്കണം. എം.പി. ഫണ്ട് പ്രയോജനപ്പെടുത്തി പയ്യന്നൂർ ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കണം. ആ ഡിപ്പോ അടച്ചുപൂട്ടാനുള്ള നീക്കം ഉപേക്ഷിക്കുകയും അവിടെയുണ്ടായിരുന്ന 15 ഷെഡ്യൂളുകളും പൂർണ്ണമായും പുനഃസ്ഥാപിക്കുകയും വേണം. അങ്ങനെ കെ.എസ്. ആർ.ടി.സി.യെ സജീവമാക്കി കേരളത്തിലെ ലക്ഷക്കണക്കി നാളുകളുടെ യാത്രാദുരിതം അവസാനിപ്പിക്കാൻ നടപടിയെടുക്കണം.

**ഗതാഗതവകുപ്പുമന്ത്രി** **(<u>ശ്രീ. കെ.ബി. ഗണേഷ് കുമാർ</u>)**: കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ഏറ്റവും വലിയ യാത്രാസൗകര്യമാണ് കെ.എസ്. ആർ.ടി.സി എന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ സ്റ്റേറ്റുമെന്റിനോട് യോജിക്കുകയാണ്. എന്നാൽ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലെ ചില സൂചനകൾ തികച്ചും വസ്തുതാ രഹിതവും സത്യവിരുദ്ധവുമാണ്. അഗാധമായ കടക്കെണിയിൽനിന്നും നാശത്തിന്റെ കയത്തിൽനിന്നും ഈ സ്ഥാപനത്തേയും ജീവനക്കാരേയും രക്ഷിക്കുന്നതിനും യാത്രക്കാർക്ക് സഞ്ചാരസൗകര്യം ഒരുക്കുന്നതിനുമാണ് ഗവണ്മെന്റ് പരിശ്രമിക്കുന്നത്. ദേശസാൽക്കൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റുകൾ നൽകാനോ ബസ് സ്റ്റേഷനുകൾ സ്വകാര്യവൽക്കരിക്കാനോ സർക്കാരിന് പദ്ധതിയില്ല. നിലവിലുള്ള ബസ്

സ്റ്റേഷനുകളുടെ നവീകരണത്തിന് ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ബി.ഒ.ടി വ്യവസ്ഥയിൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതാണ്. കിലോമീറ്ററിന് പത്തു രൂപയ്ക്കു താഴെ കളക്ഷനുള്ള ഷെഡ്യൂളുകളാണ് നിറുത്തലാക്കിയത്. ചില സർവ്വീസ്സുകൾ പുന:ക്രമീകരിക്കുന്നതിനും രണ്ടുമാസത്തേക്ക് റൂട്ടും സമയവും അഡ്ജസ്റ്റ് ചെയ്ത് ട്രയൽ രൂപത്തിൽ ഓടിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘദൂര യാത്രക്കാരുടെ യാത്രാക്ളേശം പരിഹരിക്കുന്നതിനു വേണ്ടിയാണ് ആധുനിക സൗകര്യ ങ്ങളുള്ള ഗരുഡ സൂപ്പർ ലക്ഷ്വറി വോൾവോ ബസ്സുകൾ വാങ്ങിയത്. ദീർഘദൂര വണ്ടികളിൽ പതിനൊന്നായിരവും പന്ത്രണ്ടായിരവും രൂപ ഡെയ്‌ലി കളക്ഷനുണ്ടായിരുന്ന സ്ഥാനത്ത് വോൾവോ ബസ്സ് സർവ്വീസ് ഏർപ്പെടുത്തിയതിനാൽ 29000 രൂപ കളക്ഷനുണ്ടാ യിരിക്കുന്നു. കിലോമീറ്ററിന് 19 രൂപയിൽ ചിലവാനമാണ് ചെലവ് വരുന്നത്. ഇതുവഴി എല്ലാ വിഭാഗത്തിലുമുള്ള ആളുകൾക്ക് യാത്രാ സൗകര്യം ലഭിക്കും. പഴയ ബസ്സുകൾ മാത്രം ലോക്കലായി ഓടിച്ചിരുന്ന സ്ഥാനത്ത് മിനി ബസ് സംവിധാനം ഏർപ്പെടുത്തിയതു കൊണ്ട് സാധാരണ ജനങ്ങളുടെ യാത്രാ സൗകര്യവും മെച്ചപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെ നാഷണലൈസേഷനെ സംബന്ധിച്ച് വ്യക്തമായ നിലപാടുകളെ ടുക്കുന്നുണ്ട്. പ്രതിദിനം ഒരു കോടി നാൽപ്പത്തിയെട്ടു ലക്ഷം രൂപ വരുമാന മുണ്ടായിരുന്നത് ഇപ്പോൾ ഒരു കോടി എൺപത്തിരണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ കണക്കനുസരിച്ച് ഒരു മാസം ഏതാണ്ട് രണ്ടുകോടിയോളം രൂപയുടെ ക്യാഷ് ബാലൻസുണ്ടാക്കിയിരിക്കുകയാണ്. ഇത്തരത്തിൽ കെ. എസ്. ആർ. ടി. സി.യുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാനും ചെലവ് കുറയ്ക്കാനും കഴിഞ്ഞു. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അതാത് മാസങ്ങളിൽ കൃത്യമായി നൽകുന്നുണ്ട്. സംസ്ഥാനമൊട്ടാകെ നടത്തിയ അദാലത്തു കളിൽ 1984 മുതൽ കെട്ടിക്കിടന്നിരുന്ന 1781 എം.എ.സി.റ്റി. കേസുകളിൽ തീർപ്പു കൽപ്പിക്കാനും

അതുവഴി കെ. എസ്. ആർ. ടി. സി.ക്ക് രണ്ടുകോടി എഴുപത് ലക്ഷം രൂപയുടെ ലാഭമുണ്ടാക്കാനും കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30 ഏക്കർ സ്ഥലത്തിനു മാത്രം കൈവശരേഖയുണ്ടായിരുന്ന ഈ സ്ഥാപനത്തിന് 185 ഏക്കർ സ്ഥലത്തിന് കൈവശ രേഖ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ കൈവശമുള്ള മറ്റ് സ്ഥലങ്ങളിൽക്കൂടി കൈവശ രേഖ ലഭ്യമാക്കാൻ നടപടി തുടർന്നു വരുന്നു. ഹഡ്കോയിൽ നിന്നും 100 കോടി രൂപയുടെ വായ്പയെടുത്ത് പുതിയ ബസുകൾ വാങ്ങാൻ നടപടി സ്വീകരിച്ചു. പയ്യന്നൂർ ഡിപ്പോയെ അവഗണിക്കുന്നു എന്നു പറയുന്നത് ശരിയല്ല.. നഷ്ടത്തിലോടുന്ന സർവ്വീസുകൾ നിർത്തലാക്കുകയും ലാഭത്തിലോടുന്ന സർവ്വീസുകൾ തുടർന്ന് നടത്തുന്നതിനുമാണ് ഗവൺമെന്റ് നടപടിയെടുത്തിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് കൺസെഷൻ നൽകുന്ന കാര്യത്തിൽ ഒരു കുറവും വരുത്തിയിട്ടില്ല. കെ. എസ്. ആർ. ടി. സി.യെ രക്ഷപ്പെടുത്താനുള്ള ശ്രമത്തിൽ ഈ സഭയിലെ എല്ലാവരുടേയും സഹകരണമുണ്ടാകണം. കെ. എസ്. ആർ. ടി. സി.യുടെ കൈവശമുള്ള ഒരു സ്ഥലവും സ്വകാര്യ വ്യക്തികൾക്ക് വിൽക്കാനുദ്ദേശിക്കുന്നില്ല. പയ്യന്നൂർ ഡിപ്പോയുടെ കാര്യത്തിലും ഇത്തരത്തിലൊരു പദ്ധതി കൊണ്ടുവരാനുദ്ദേശിക്കുന്നില്ല.

## (2) <u>നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഒന്നാം ഘട്ടം അടിയന്തിരമായി പൂർത്തിയാക്കൽ</u>

**<u>ശ്രീ. കെ. സി. ജോസഫ്:</u>** കേരളത്തിലെ മലയോര മേഖലയിലെ ജനങ്ങളുടെ ചിരകാലാഭിലാഷമായ നിർദ്ദിഷ്ട മലയോര ഹൈവേയുടെ കാസർഗോഡുമുതൽ പാലക്കാടുവരെയുള്ള ഒന്നാം ഘട്ടം നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. 1970-ൽ ഈ ഹൈവേ സംബന്ധിച്ച് പഠനം നടത്തുകയും 1997-ൽ

സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കുകയും ചെയ്തുവെങ്കിലും, ഇതിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുസംബന്ധിച്ച് പ്രാരംഭ പഠനം നടത്താൻ ചുമതലപ്പെടുത്തിയ നാട്പാക്കിന്റെ ഫൈനൽ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. വലിയ സാമ്പത്തിക ബാദ്ധ്യത വരുന്ന പദ്ധതിയായതുകൊണ്ട് ഘട്ടം ഘട്ടമായെങ്കിലും നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം. ഇത് നടപ്പിലാക്കിയാൽ ഇക്കോളജിക്കൽ ബാലൻസിൽ മാറ്റം വരികയില്ല. മലയോര മേഖലയുടെ പ്രധാനപ്പെട്ട പട്ടണങ്ങൾ നഗരവുമായി ബന്ധിപ്പിക്കുന്ന ഈ ഹിൽ ഹൈവേ പ്രാവർത്തികമായാൽ വലിയ സാമ്പത്തിക പുരോഗതി ഈ മേഖലയിലുണ്ടാകും. നാട്പാക്-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ അലൈൻമെന്റ് ഫൈനലൈസ് ചെയ്ത് എത്രയും വേഗം ഈ ഹൈവേയുടെ പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കണം.

**മരാമത്തു വകുപ്പുമന്ത്രി ( ശ്രീ. എം. കെ. മുനീർ:)**: ഹിൽ ഹൈവേയെ സംബന്ധിച്ച് നാട്പാക്-ന്റെ പ്രീ-ഫീസിബിലിറ്റി സ്റ്റഡി നടന്നുകഴിഞ്ഞു. കാസർഗോഡു മുതൽ പാലക്കാടുവരെയുള്ള ഭാഗത്തെസംബന്ധിച്ചുള്ള അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. അത് വിശദമായി പരിശോധിച്ച് അലൈൻമെന്റ് അംഗീകരിച്ചതിനുശേഷം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണു ദ്ദേശിക്കുന്നത്. പ്രസ്തുത പണികൾക്ക് 290 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. മലയോര മേഖലയുടെ ഏകീകരണത്തിന് ഈ റോഡ് വളരെ സഹായകമാകും. നിർദ്ദിഷ്ട പാതയിൽ റോഡ് നിലവിലില്ലാത്ത 5 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവിടെ ബദൽ സംവിധാനത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരി ക്കുകയാണ്. ഈ വരുന്ന 3-ാം തീയതി ഇതു സംബന്ധിച്ച് ജനപ്രതിനിധികളുമായി ചർച്ച ചെയ്തതിനുശേഷം ഘട്ടം ഘട്ടമായി ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

(1) <u>മുത്തങ്ങയിൽ ആദിവാസികൾക്കു നേരെ തുടരുന്ന അതിക്രമങ്ങൾ</u>

**പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>** മുത്തങ്ങ സംഭവത്തോടനുബന്ധിച്ച് പോലീസ് അറസ്റ്റ് ചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്ന ആദിവാസി സ്ത്രീകളുടേയും കുട്ടികളുടേയും. സ്ഥിതി അതിദയനീയമാണ്. വളരെ ക്രൂരമായ നിലയിൽ അവരെ പോലീസ് മർദ്ദിച്ചിരിക്കുകയാണ്. അവരുടെ കുട്ടികളിൽ പലരേയും നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ് അവിടം സന്ദർശിച്ച വേളയിൽ അവർ പറഞ്ഞത്. ഗവൺമെന്റ് അനുവദിച്ച ഭൂമിയിൽ നേതാക്കന്മാർ പറഞ്ഞതനുസരിച്ച് കുടുംബ സമേതം അവിടെ താമസിക്കാൻ വന്നതാണെന്നും ഒന്നരമാസമായി അങ്ങനെ താമസിച്ചുകൊണ്ടിരിക്കുമ്പോഴാണ് പെട്ടെന്ന് പോലീസ് ലാത്തിച്ചാർജും വെടിവയ്പ്പും നടത്തിയതെന്നും അവരുടെ കൈയിലുണ്ടായിരുന്ന പണം മുഴുവൻ പോലീസുകാർ പിടിച്ചെടുത്തുവെന്നും സ്ത്രീകൾ പരാതിപ്പെടുകയുണ്ടായി. ഇത്രയും പ്രതികാരദാഹം ആദിവാസികൾക്കെതിരെ എന്തിനാണ് ഈ ഗവൺമെന്റ് വച്ച് പുലർത്തുന്നതെന്നറിയില്ല. ഗവൺമെന്റ് കൊടുത്ത വാഗ്ദാനം നിറവേറ്റാത്തതുകൊണ്ടാണ് അവർക്ക് ഇങ്ങനെ ഒരു സമരം ചെയ്യേണ്ടി വന്നത്. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു ജൂഡീഷ്യൽ അന്വേഷണം നടത്തണം. പാവപ്പെട്ട ആദിവാസികളോടുള്ള പൈശാചികമായ വൈര്യ നിരാതന സമീപനം ഉപേക്ഷിക്കണം. ആദിവാസികൾക്ക് നൽകാമെന്നു പറഞ്ഞ ഭൂമി എത്രയും വേഗം നൽകി അവരെ പുനരധിവസിപ്പിക്കണം. നഷ്ടപ്പെട്ടുപോയ കുഞ്ഞുങ്ങളെക്കുറിച്ച് അന്വേഷണം നടത്തണം. പോലീസുകാർ പറയുന്നതു മാത്രം കേൾക്കുന്ന സമീപനം സ്വീകരിക്കരുത്. ശ്രീ. കെ. രാധാകൃഷ്ണന്റെ നിരാഹാരസമരത്തെ ഗവൺമെന്റിന്റെ പരാജയമായി കാണാതെ ഈ പ്രശ്നത്തെ ഏറ്റവും സീരിയസ്സായി കണ്ടുകൊണ്ട് അടിയന്തിര അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി):** മുത്തങ്ങയിൽ നടന്ന നിർഭാഗ്യകരമായ സംഭവത്തെത്തുടർന്നുള്ള അക്രമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് കുറച്ചുപേരെ അറസ്റ്റു ചെയ്തു. അവിടെ നടന്ന അക്രമത്തിൽ പട്ടികജാതിക്കാരനായ 29 വയസ്സുള്ള വിനോദ് എന്ന കോൺസ്റ്റബിൾ മൃഗീയമായി കൊല്ലപ്പെട്ടു മറ്റൊരു പോലീസുകാരനും ഫോറസ്റ്റാഫീസറും ഗുരുതരമായ പരിക്കുകളോടെ അത്യാസന്ന നിലയിൽ കഴിയുകയാണ്. അറസ്റ്റ് ചെയ്ത് ജയിലിൽ കഴിയുന്നവർക്ക് എല്ലാ രീതിയിലുമുള്ള സൗകര്യങ്ങളും നൽകിയിട്ടുണ്ട്. റിമാൻഡിൽ കഴിയുന്ന സ്ത്രീകൾക്കും ഒപ്പമുള്ള കുട്ടികൾക്കും പ്രത്യേകമായ എല്ലാ മാനുഷിക പരിഗണനയും നൽകാനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. സ്ത്രീകളുടെ ജാമ്യാപേക്ഷ നിരസിക്കരുതെന്ന സർക്കാർ നിർദ്ദേശവും ജാമ്യാപേക്ഷ നൽകുന്നില്ലെങ്കിൽ സർക്കാർതന്നെ മുൻകൈ എടുത്ത് അവരെ വിട്ടയയ്ക്കണമെന്ന ചെയ്യുന്നതിനാവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. അക്രമ സംഭവത്തിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടവരുമുണ്ടാകും. കണ്ണൂർ ജില്ലയിൽ പോയ പ്രതിപക്ഷനേതാവ് മാരകമായി കൊല ചെയ്യപ്പെട്ട പോലീസ് കോൺസ്റ്റബിൾ വിനോദിന്റെ വീട്ടിൽ പോയിരുന്നുവെങ്കിൽ അത് സഭയിൽ പറയാതിരുന്നത് ഒരിക്കലും ശരിയായില്ല. വളരെ ക്രൂരമായി കൊല ചെയ്യപ്പെട്ട ആ പോലീസുകാരൻ പട്ടികജാതിക്കാരനാണെന്നു പറയാൻതന്നെ പ്രതിപക്ഷത്തിന് മടിയാണ്. ഈ ഗവൺമെന്റ് ആദിവാസികളുടെ പ്രശ്നത്തിൽ വാഗ്ദാനലംഘനം നടത്തിയിട്ടില്ല. ഭൂമിയുടെ ലഭ്യതയനുസരിച്ച് ഒരേക്കർ മുതൽ 5 ഏക്കർ വരെ ഭൂമി നൽകാമെന്നാണ് ആദിവാസി സമരനേതാക്കൾക്ക് ഈ ഗവൺമെന്റ് കൊടുത്ത ഉറപ്പ്. ഇതനുസരിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 1747 ഏക്കർ ഭൂമി 843 ആദിവാസി കുടുംബങ്ങൾക്കായി കൊടുത്തു. അടുത്ത മൂന്നു മാസത്തിനകം രണ്ടായിരത്തോളം ഏക്കർ ഭൂമികൂടി കണ്ടെത്തി ആദിവാസികൾക്ക് വിതരണം ചെയ്യും. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിൽ രണ്ട് വർഷത്തിനുള്ളിൽ

കേരളത്തിലെ ഭൂമി ഇല്ലാത്ത മുഴുവൻ ആദിവാസികൾക്കും അവരവരുടെ ജില്ലകളിൽത്തന്നെ ഭൂമി വിതരണം ചെയ്യുമെന്ന് പറഞ്ഞിട്ട് ഒരേക്കർ ഭൂമിപോലും വിതരണം ചെയ്തില്ല.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റ് നിന്ന് മുഖ്യമന്ത്രിയുടെ പ്രസംഗത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

എന്തെല്ലാം പ്രതിബന്ധങ്ങളും പ്രയാസങ്ങളും നിയമക്കുരുക്കുകളുമുണ്ടെങ്കിലും അതെല്ലാം മറികടന്ന് കേരളത്തിലെ ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഈ സർക്കാരിന്റെ കാലത്തുതന്നെ ഭൂമി നൽകും. കഴിഞ്ഞ വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് പ്രതിപക്ഷനേതാവ് ക്ളിഫ് ഹൗസിൽ എന്നെ ഫോണിൽ വിളിച്ചു പറഞ്ഞത് സ്ത്രീകളും കുട്ടികളുമടക്കം 14 പേരുടെ മൃതശരീരങ്ങളുമായി പുറത്തിറങ്ങാൻ കഴിയാതെ ആദിവാസികൾ കാട്ടിനുള്ളിൽ ഭയപ്പെട്ടുകഴിയുന്നു; പോലീസ് അവരെ പുറത്തുവരാൻ സമ്മതിക്കുന്നില്ലെന്നാണ്. പ്രതിപക്ഷനേതാവ് പറഞ്ഞത് ഗൗരവമായെടുത്തുകൊണ്ട് അപ്പോൾത്തന്നെ ഡി.ജി.പി.യേയും ജില്ലാ കളക്ടറേയും ഫോറസ്റ്റുദ്യോഗസ്ഥരേയും വിളിച്ച് സത്യാവസ്ഥ എന്താണെന്ന് അന്വേഷിച്ച് നടപടിയെടുക്കാൻ പറഞ്ഞു. അവർക്കാർക്കും അത്തരം ഒരു വിവരം ലഭിച്ചിട്ടില്ല. 14 മൃതശരീരങ്ങൾ അവിടെയുണ്ടാകുമെന്ന് പ്രതീക്ഷിച്ച് സ്വീകരിക്കാൻ ചെന്ന പ്രതിപക്ഷാംഗങ്ങൾക്ക് ഒരു മൃതശരീരംപോലും കാണാനായില്ല എന്നതാണ് സത്യം. സർക്കാർ ഈ കേസുകൾ പരിശോധിക്കും. ജയിലിൽ കിടക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി ജാമ്യാപേക്ഷ നൽകിയാൽ അവരെ വിട്ടയയ്ക്കും. ഇല്ലെങ്കിൽ സർക്കാർ മുൻകൈയെടുത്ത് അവരെ വിട്ടയയ്ക്കാൻ നടപടി സ്വീകരിക്കും. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതിനാൽ ശ്രീ. കെ. രാധാകൃഷ്ണൻ അനുഷ്ഠിക്കുന്ന നിരാഹാര സത്യാഗ്രഹ സമരം അവസാനിപ്പിക്കണം.

## സബ്മിഷൻ

(1) <u>കേരളത്തിലെ സർവ്വീസ് പെൻഷൻകാർക്ക് മരവിപ്പിച്ച ക്ഷേമനിധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പുനഃരാരംഭിക്കണമെന്ന ആവശ്യം</u>

**<u>ശ്രീ. പിരപ്പൻകോട് മുരളി:</u>** കേരളാ സ്റ്റേറ്റ് സർവ്വീസ് പെൻഷണേഴ്സിന് 27-3-1995-ലെ സർക്കാർ ഉത്തരവ് അനുസരിച്ചുള്ള ചികിത്സാ പദ്ധതി നടപ്പാക്കുകയും മരവിച്ച ക്ഷേമനിധി പുനഃരാരംഭിക്കുകയും വേണം. ക്ഷാമബത്ത കുടിശ്ശിക നൽകാനും പെൻഷൻ മണിയോർഡറായി വിതരണം ചെയ്യാനും പെൻഷൻ പറ്റുന്ന സമയത്ത് ലഭിക്കുന്ന ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. പെൻഷൻകാരുടെ ന്യായമായ ആവശ്യങ്ങളെ സംബന്ധിച്ച് പെൻഷണേഴ്സ് യൂണിയനുമായി ചർച്ച നടത്തണം.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ)</u>:** 10-10-2002-ൽ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പെൻഷണേഴ്സ് യൂണിയനുമായി ചർച്ച നടത്തിയിരുന്നു. സമഗ്രമായ ഒരു ചികിത്സാ പദ്ധതി നടപ്പാക്കുന്നതിനായി ഇൻഷ്വറൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശിക ക്ഷാമബത്തയുടെ കാര്യത്തിൽ തീരുമാനമായിട്ടില്ല. 75 വയസ്സ് കഴിഞ്ഞവർക്കും വികലാംഗർക്കും കണ്ണുകാണാൻ പാടില്ലാത്തവർക്കും തീരെ ആരോഗ്യമില്ലാത്തവർക്കും മണിയോർഡർ വഴി പെൻഷൻ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(2) <u>സംസ്ഥാനത്തെ നീതി/എച്ച്.ഡി.സി. മെഡിക്കൽ സ്റ്റോറുകൾക്ക് മരുന്നുല്പാദന കമ്പനികൾ മരുന്ന് നൽകാത്തത് സംബന്ധിച്ച്</u>

**<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>:** സംസ്ഥാനത്തെ നീതി/എച്ച്.ഡി.സി. മെഡിക്കൽ സ്റ്റോറുകൾക്ക് മരുന്നുല്പാദന കമ്പനികൾ മരുന്ന് നൽകുന്നില്ല. ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് ഇങ്ങനെയൊരവസ്ഥയുണ്ടായപ്പോൾ കോൺഫറൻസുകൾ

വിളിച്ചുകൂട്ടി താല്ക്കാലികമായി പ്രശ്നം പരിഹരിച്ചിരുന്നു. ഇക്കാര്യത്തിൽ മുഖ്യമന്ത്രി, ആരോഗ്യവകുപ്പുമന്ത്രി, സഹകരണവകുപ്പുമന്ത്രി എന്നിവർ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പരിഹാരം കാണണം.

**ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):** സർക്കാർ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് ന്യായവിലയ്ക്ക് മരുന്നുലഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് പേയിംഗ് കൗണ്ടറും നീതി മെഡിക്കൽ സ്റ്റോറുകളും പ്രവർത്തനമാരംഭിച്ചത്. മരുന്ന് കമ്പനികൾ നേരിട്ട് മരുന്ന് നൽകിയിരുന്നതുമൂലം സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് മരുന്ന് ലഭിച്ചിരുന്നു. എന്നാൽ ചില മരുന്നുകമ്പനികളുടെ നിസ്സഹകരണം മൂലം മരുന്നുവിതരണം ഭാഗികമായി തടസ്സപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ മരുന്നുല്പാദന കമ്പനികളുടെ അസോസിയേഷൻ ഭാരവാഹികളുമായി സംസാരിക്കുകയും പേയിംഗ് കൗണ്ടറുകളിലേയ്ക്ക് ആവശ്യമുള്ള മരുന്ന് വാങ്ങാൻ സെൻട്രൽ പർച്ചേസ് കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. അവയുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനും ആരോഗ്യവകുപ്പ് സെക്രട്ടറി ചെയർമാനായും, ഡ്രഗ്സ് കൺട്രോളർ സെക്രട്ടറിയായും, കൺസ്യൂമർ ഫെഡ് എം.ഡി. പ്രസിഡന്റായും, ശ്രീ. എം.വി. ജയരാജൻ എം.എൽ.എ. മെമ്പറായും ഒരു റിഡ്രസ്സൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പലപ്പോഴായി നടത്തിയ ചർച്ചകളുടെ ഫലമായി നീതി മെഡിക്കൽ സ്റ്റോറുകളിലേയ്ക്കുള്ള മരുന്ന് വിതരണം ഏറെക്കുറെ പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. മരുന്ന് കമ്പനികൾ മരുന്ന് നൽകാത്തത് നീതി മെഡിക്കൽ സ്റ്റോറുകളുടേയും പേയിംഗ് കൗണ്ടറുകളുടേയും നിലനിൽപ്പിനെ സാരമായി ബാധിച്ചിട്ടില്ല. ചില സ്ഥലത്ത് ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ ബന്ധപ്പെട്ടവരുമായി സംസാരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി, ആരോഗ്യവകുപ്പുമന്ത്രി, സഹകരണവകുപ്പുമന്ത്രി,

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തി മരുന്നുവിതരണ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ശ്രമിക്കുന്നതാണ്.

(3) <u>മണിയമ്പാറയിൽ 33 കെ.വി. സബ് സ്റ്റേഷന്റെ പണി</u>

**<u>ശ്രീ. എ.കെ. ബാലൻ:</u>** പാലക്കാട് ജില്ലയിലെ മണിയമ്പാറയിൽ 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 19-3-2001-ന് ഭരണാനുമതി ലഭിച്ചുവെങ്കിലും ആവശ്യമായ സ്ഥലമെടുക്കാൻ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പിന്നോക്കക്കാരായ സാധാരണക്കാരും പട്ടികജാതി/പട്ടികവർഗ്ഗക്കാരും താമസിക്കുന്ന ഈ പ്രദേശത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് എത്രയും വേഗം ഈ സബ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): പാലക്കാട് ജില്ലയിലെ മണിയമ്പാറയിൽ 33 കെ.വി. സബ്സ്റ്റേഷനും അനുബന്ധ ലൈനും സ്ഥാപിക്കുന്നതിനു വേണ്ടി 285 ലക്ഷം രൂപയ്ക്ക് ഇലക്ട്രിസിറ്റി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്ക് 66 സെന്റ് സ്ഥലം നെഗോഷ്യേഷൻ നടത്തി വാങ്ങുന്നതിനും ബോർഡ് അനുമതി നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമായാൽ സബ് സ്റ്റേഷന്റെ പണി ആരംഭിക്കാനുളള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(4) <u>പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച കുടുംബ കോടതി തിരുവല്ലയിൽ സ്ഥാപിച്ചിരിക്കുന്നതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ട്</u>

**<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>** : പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച കുടുംബ കോടതി തിരുവല്ലയിൽ സ്ഥാപിച്ചത് അടൂർ നിവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുന്നു. ദീർഘദൂരം യാത്ര ചെയ്താൽമാത്രമേ അവിടെ പോയി കേസുകൾ കൊടുക്കാൻ കഴിയുകയുള്ളു. ആയതിനാൽ അടൂരിൽ ഫയലിംഗ് സൗകര്യത്തോടുകൂടി കുടുംബ കോടതിയുടെ ഒരു സിറ്റിംഗ് നടത്താൻ നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി)**: സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഘട്ടം ഘട്ടമായി കുടുംബ കോടതികൾ സ്ഥാപിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, മലപ്പുറം, തൃശ്ശൂർ എന്നിവിടങ്ങളിൽ കുടംബ കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ചീഫ് ജസ്റ്റിസുമായി സംസ്ഥാന ഗവൺമെന്റ് നടത്തിയ

ചർച്ചയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിലും കണ്ണൂർ ജില്ല ആസ്ഥാനമായ കണ്ണൂരിലും കുടുംബ കോടതികൾ സ്ഥാപിക്കാൻ ഹൈക്കോടതി ശുപാർശ ചെയ്യുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(5) കേരളത്തിൽ വ്യാപകമായി പ്രവർത്തിക്കുന്ന മണി ചെയിൻ പ്രവർത്തനം

**ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ** : കേരളത്തിൽ ഇപ്പോൾ വ്യാപകമായിരിക്കുന്ന ''മണി ചെയിൻ'' സംവിധാനത്തിൽപ്പെട്ട് പലരും ആത്മഹത്യയുടെ വക്കിലെത്തിയിരിക്കുന്ന തിനാൽ അത് നിരോധിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

**ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** ''മണി ചെയിൻ'' കേരളത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്നുണ്ട്. ഈ തെറ്റായ പ്രവണത നിയന്ത്രിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(6) കോട്ടയം നിയോജകമണ്ഡലത്തിലെ കുമരകം, തിരുവാർപ്പ്
പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം

**ശ്രീമതി മേഴ്സി രവി** : കോട്ടയം നിയോജകമണ്ഡലത്തിൽ അറുപതിനായിരം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കുമരകം, തിരുവാർപ്പ് പഞ്ചായത്തുകളിലേയ്ക്ക് കുടിവെള്ളം പമ്പ് ചെയ്യുന്ന സോഴ്സിൽ ഉപ്പുവെള്ളം

കലർന്നിരിക്കുന്നു. ഇന്ന് ഈ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിലും വള്ളത്തിലും വെള്ളം കൊടുക്കേണ്ട സ്ഥിതിയാണ്. ഒരാൾക്ക് അഞ്ചു ലിറ്റർ എന്ന തോതിൽ 15,000 രൂപയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഒരു ദിവസം വെള്ളം കൊടുക്കാൻ കഴിയുകയുള്ളു. സ്വന്തം നിലയിൽ കുടിവെള്ളം എത്തിക്കാനുള്ള സാമ്പത്തി സൗകര്യമില്ലാത്ത ഈ പ്രദേശങ്ങൾക്ക് വരൾച്ചാദുരിതാശ്വാസത്തിൽപ്പെടുത്തി പണം അനുവദിക്കണം. മീനച്ചിൽ ആറിന്റെ അപ്സ്ട്രീമിലേയ്ക്ക് ഉപ്പുവെള്ളം കയറിയാൽ കോട്ടയം നഗരസഭയിലും കുടിവെള്ള പ്രശ്നം രൂക്ഷമാകും. അതുകൊണ്ട് അടിയന്തിരമായി വെള്ളൂർ ഭാഗത്ത് ഇറിഗേഷൻ വകുപ്പിൽപ്പെടുത്തി ബണ്ട് നിർമ്മിക്കാൻ നടപടിയുണ്ടാകണം.

**റവന്യുവും നിയമവും വകുപ്പുമന്ത്രി <u>(ശ്രീ.കെ.എം.മാണി)</u>** : മീനച്ചിൽ ആറിൽ ഓരുവെള്ളത്തിന്റെ കാഠിന്യം കൂടുതലായതിനാൽ കുമരകം, തിരുവാർപ്പ് പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. കോട്ടയം നഗരസഭയിലും മെഡിക്കൽ കോളേജ് ഭാഗത്തേയ്ക്കും ഇത് ബാധിക്കാൻ ഇടയുണ്ട്. കുമരകം, തിരുവാർപ്പ് പ്രദേശങ്ങളിൽ കുടിവെള്ളം ടാങ്കർ ലോറികളിൽ വിതരണം ചെയ്യുക, കുമരകം ഗവൺമെന്റ് ഹൈസ്ക്കൂൾ പരിസരത്തുള്ള കുഴൽക്കിണറിന്റെ ഉപയോഗം പ്രയോജനപ്പെടുത്തുക, മീനച്ചിൽ ആറിനു കുറുകെ വെള്ളൂർ പറമ്പിൽ ബണ്ട് നിർമ്മിക്കുക എന്നിവയാണ് ഇതിന് പരിഹാരം. ഇക്കാര്യം വാട്ടർ അതോറിറ്റി ശ്രദ്ധിക്കുമെന്ന് ഗവൺമെന്റ് കരുതുന്നു. മീനച്ചിൽ നദീതട പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ ഓരുവെള്ളം തടയാൻ കഴിയൂ. ഈ പദ്ധതി എത്രയുംവേഗം നടപ്പിലാക്കാൻ ഇറിഗേഷൻ വകുപ്പാണ് ശ്രദ്ധിക്കേണ്ടത്. കുമരകം, തിരുവാർപ്പ് പഞ്ചായത്തുകളിൽ ടാങ്കർലോറികളിൽ കുടിവെള്ളം വിതരണം ചെയ്യാൻ അടിയന്തിരമായി ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## പ്രത്യേക പരാമർശം

വി.ആർ. സവാർക്കറുടെ ചിത്രം പാർലമെന്റ് ഹാളിൽ അനാച്ഛാദനം ചെയ്യുന്നതിനെതിരെ സഭ പ്രതികരിക്കണമെന്ന ആവശ്യം

**ശ്രീ. എ.കെ. ബാലൻ:** നമ്മുടെ രാഷ്ട്രം ലജ്ജിച്ചു തലതാഴ്ത്തേണ്ട ഒരു സംഭവത്തിന് സാക്ഷ്യം വഹിക്കുകയാണ്. മഹാത്മാഗാന്ധിയുടെ ഹൃദയത്തിനുനേരെ നിറതോക്കൊഴിച്ച ഗോഡ്സേയുടെ സന്തതസഹചാരിയായ സവാർക്കറുടെ എണ്ണച്ഛായാ ചിത്രം ഇന്ന് പാർലമെന്റിൽ അനാച്ഛാദനം ചെയ്യുകയാണ്. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളോട് ശത്രുതാപരമായ സമീപനം കാണിച്ച അദ്ദേഹത്തിന്റെ ചിത്രം അനാച്ഛാദനം ചെയ്താൽ നാളെ ഗോഡ്സേയുടെ പടംതന്നെ അനാച്ഛാദനം ചെയ്യുന്ന ദുരവസ്ഥയ്ക്ക് നാം സാക്ഷ്യം വഹിക്കേണ്ടിവരുമെന്നതിനാൽ ഇതിനെതിരെ കേരള നിയമസഭയുടെ മൊത്തത്തിലുള്ള വികാരം പ്രകടിപ്പിക്കണം. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ അഭിപ്രായം വ്യക്തമാക്കണം.

**മി. സ്പീക്കർ** : ഇതിലൊരു ബുദ്ധിമുട്ടുണ്ട്. പ്രതിപക്ഷം പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നുണ്ടെങ്കിലും ഒരു ഹൗസിന്റെ തീരുമാനത്തെക്കുറിച്ച് വേറൊരു ഹൗസ് അഭിപ്രായം പറയാൻ പാടില്ലെന്നുള്ളതാണ് കൺവെൻഷൻ. ഒരു ഹൗസിന്റെ തീരുമാനത്തെ മറ്റൊരു ഹൗസ് ക്രിട്ടിസൈസ് ചെയ്യാൻ പാടില്ലെന്നുള്ളത് ഒരു ഇന്റർ നാഷണൽ കൺവെൻഷനാണ്. അത് ബ്രേക്ക് ചെയ്യാൻ ചെയർ ഇഷ്ടപ്പെടുന്നില്ല.

## നിയമനിർമ്മാണകാര്യം

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള മൂല്യവർദ്ധിത വിൽപന നികുതി ബിൽ</u>

**ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള മൂല്യ വർദ്ധിത വിൽപന നികുതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ)** : പ്രമേയത്തെ പിൻതാങ്ങുന്നു.

**ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ)** : മൂല്യവർദ്ധിത വിൽപന നികുതിബിൽ പ്രാവർത്തികമാകുന്നതോടെ ഇന്ത്യയിലാകമാനം ദീർഘകാലമായി നിലനിന്നിരുന്ന നികുതി സംമ്പ്രദായത്തിൽനിന്നും വ്യത്യസ്തമായ ഒരു പുതിയ നികുതി സംമ്പ്രദായത്തിലേക്ക് മാറുകയാണ് ചെയ്യുന്നത്. ഇൻഡ്യാ ഗവണ്മെന്റ് സംസ്ഥാന മന്ത്രിമാരുടെ നേതൃത്വത്തിലുണ്ടാക്കിയ എംപവേർഡ് കമ്മിറ്റി ഇതു സംബന്ധിച്ച് നടത്തിയ പല ദീർഘമായ ചർച്ചകൾക്കുശേഷം കിഴക്കൻ സംസ്ഥാനങ്ങൾ ഒഴിച്ച് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും 2003 ഏപ്രിൽ ഒന്നു മുതൽ വാല്യു ആഡഡ് ടാക്സ് സംമ്പ്രദായം നടപ്പിലാക്കണമെന്നു തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് കച്ചവടക്കാർ, ട്രേഡേഴ്സ്, ചാർട്ടേർഡ് അക്കൗണ്ടന്റ്സ് , ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരുമായി ചർച്ച നടത്തി. വാറ്റ് ടാക്സ് നടപ്പാക്കുന്നതുകൊണ്ട് കടച്ചവടക്കാർക്കോ വ്യവസായികൾക്കോ യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകാൻ ഇടയില്ല. ലോകത്തിലെ പ്രധാനപ്പെട്ട പല രാജ്യങ്ങളും ഇതു നടപ്പാക്കിയ പശ്ചാത്തലത്തിലാണ് ഇന്ത്യയിലും നടപ്പാക്കാൻ നടപടി സ്വീകരിച്ചത്. ഒരു പുതിയ സിസ്റ്റം നടപ്പാക്കുമ്പോൾ അപാകതകളുണ്ടാകാം. ഇത് എങ്ങനെ നടപ്പാക്കണ മെന്നതിനെപ്പറ്റി എംപവേർഡ് കമ്മിറ്റിയോ ടാക്സസ് ഡിപ്പാർട്ടുമെന്റോ ഫിനാൻസ് ഡിപ്പാർട്ടുമെന്റോ പൂരണ്ണമായ തീരുമാനമെടുത്തിട്ടില്ല .

ഈ ബിൽ നടപ്പിലാക്കുമ്പോൾ സ്വീകരിക്കുന്ന സംവിധാനങ്ങളെപ്പറ്റി ഷെഡ്യൂളിൽ പറഞ്ഞിട്ടുണ്ട്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ആജീവനാന്തം മാറ്റം വേണ്ടെന്ന തീരുമാനമെടുത്തിട്ടില്ല വാല്യൂ ആഡഡ് ടാക്സ് നിലവിൽ വന്നുകഴിഞ്ഞാൽ ടാക്സ് ഇവേഷൻ ഒരുപരിധിവരെ തടയാൻ കഴിയും. കൺസ്യൂമർ കൊടുക്കുന്ന ടാക്സ് ഏത് കച്ചവടക്കാരനായാലും നിശ്ചയമായും ഗവൺമെന്റിൽ അടച്ചിരിക്കണം. ഇതുവരെ 123 രാജ്യങ്ങളിൽ വി. എ. ടി. സംമ്പ്രദായം നിലവിൽ വന്നു കഴിഞ്ഞു. സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിൽ ഈ ബില്ലിലെ പല കാര്യങ്ങളിലും മാറ്റം വേണമെന്ന് ആവശ്യപ്പെടുകയും അതിൽ യുനാനിമസായ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ബിൽ പാസ്സാക്കിക്കഴിഞ്ഞതിനുശേഷവും ഒരുപക്ഷേ ചില മാറ്റങ്ങൾ വരുത്തേണ്ടി വരും. പുതുതായി വരാൻ പോകുന്ന നികുതി സംമ്പ്രദായത്തിൽ ഠ ശതമാനം, 1 ശതമാനം, 4 ശതമാനം, 12.5 ശതമാനം, 20 ശതമാനം എന്നീ അടിസ്ഥാന നിരക്കുകളാണ് ക്രമീകരിച്ചിരിക്കുന്നത്. പ്രധാനമായും പാവപ്പെട്ടവരും സാധാരണക്കാരും ഉപയോഗിക്കുന്ന വസ്തുക്കളാണ് ഒന്നാം പട്ടികയിൽ ചേർത്തിരിക്കുന്നത്. ഈ നികുതി സംമ്പ്രദായം പൂർണ്ണമായി എന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല. ഈ പുതിയ നികുതി സംമ്പ്രദായം കൊണ്ട് നികുതിയിനത്തിൽ ഗവൺമെന്റിന് എത്ര കോടി രൂപയുടെ കുറവുണ്ടാകും, എത്ര കോടി രൂപയുടെ വർദ്ധനവുണ്ടാകും എന്നുള്ളത് വ്യക്തമായി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. ഈ ടാക്സ് സംമ്പ്രദായം കൊണ്ടുവരുന്നതിനുള്ള ബേസ് ഇയറായി 2000-2001 ആണ് എടുത്തിരിക്കുന്നത്. ഈ ബില്ലിനെക്കുറിച്ച് സമഗ്രമായ ചർച്ച ആവശ്യമാണ്. അങ്ങനെ ചർച്ച ചെയ്യുന്ന അവസരത്തിൽ പോസിറ്റീവായ അപ്രോച്ച് വേണം. ഇതിൽ രാഷ്ട്രീയമായ യാതൊരു പരിഗണനയുമില്ല. . ഇത് ഇംപ്ളിമെന്റു ചെയ്യുന്ന അവസരത്തിൽ കച്ചവടക്കാർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാവുകയാണെങ്കിൽ അതു മാറ്റണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. ഗവൺമെന്റിന് കിട്ടേണ്ട പണം കിട്ടിയാൽ മാത്രമേ വികസന

പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

__ഡോ. തോമസ് ഐസക്__ : ഈ ബില്ലിലെ പല വകുപ്പുകളോടും അടിസ്ഥാനപരമായി വിയോജിപ്പുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ചില പ്രധാനപ്പെട്ട ഭേദഗതികൾ കരട് ബില്ലിൽ വരുത്തിയിട്ടുണ്ട്; ഓരോ നികുതി സംമ്പ്രദായത്തിലും അതിന്റേതായ കുറ്റങ്ങളും കുറവുകളും ഉണ്ടാകാം. മൂല്യ വർദ്ധിത നികുതി സംമ്പ്രദായത്തിലേക്ക് മാറുന്നു എന്നതിന്റെ മറവിൽ ജനങ്ങളുടെ മേൽ കനത്ത നികുതി ഭാരം അടിച്ചേൽപ്പിക്കുന്നു. ഈ നിയമം പാസ്സാകുന്നതിന്റെ ഫലമായി പമ്പരാഗത ചെറുകിട വ്യവസായങ്ങൾക്ക് വലിയ തിരിച്ചടിയുണ്ടാകും; ചെറുകിട കച്ചവടക്കാർ കുത്തുപാള എടുക്കും. ഈ പുതിയ നികുതി സംമ്പ്രദായംമൂലം നികുതിയുടെ മേൽ നികുതി വരികയില്ല. വാല്യു ആഡഡ് ടാക്സ് വരുന്നതോടുകൂടി ഗവൺമെന്റിന്റെ അധികാരം എടുത്തുമാറ്റപ്പെടുകയാണ്. ഫെഡറൽ സംവിധാനത്തിൽ നിന്നുകൊണ്ട് പ്രായോഗികമായിട്ടുള്ള എന്ത് നികുതി സംമ്പ്രദായം വേണമെന്നുള്ളതിനെക്കുറിച്ച് ഗൗരവമായ ചർച്ച വേണം. 12.5% നികുതി ചുമത്തിയിട്ടുള്ളതിൽ ഏതെല്ലാം കമ്മോഡറ്റീസ് ഉൾപ്പെടുമെന്നത് സംബന്ധിച്ച് വിശദീകരണം തരണം. ഷെഡ്യൂകളിലുള്ള അവ്യക്തത ഒഴിവാക്കണം ധൃതിപിടിച്ച് ഈ നിയമം പാസ്സാക്കുന്നതിന്റെ അപകടം മനസ്സിലാക്കണം. കേരളത്തിൽ രണ്ടു ലക്ഷത്തിൽ കൂടുതൽ വരുമാനമുള്ള മുഴുവൻ കൃഷിക്കാരും ഡീലേഴ്സായി മാറുകയും അവർ രജിസ്റ്റർ ചെയ്യുകയും വേണമെന്ന് പറയുന്നത് നടപ്പാക്കാൻ സാധിക്കുകയില്ല. ഈ നിയമം കൃഷിയേയും വ്യവസായത്തേയും വ്യാപാരത്തേയും ദോഷകരമായി ബാധിക്കും. ഒരു ഉപഭോക്തൃ സംസ്ഥാനമായതുകൊണ്ട് കേരളത്തേയും ജനങ്ങളേയും പ്രതികൂലമായി ബാധിക്കുന്ന ഒരു നിയമമാണിത്. നിലവിലുള്ള നികുതി സംമ്പ്രദായത്തിന്റെ ഫലമായി നികുതി സംമ്പ്രദായത്തിൽ ഒരു

കുറവുമുണ്ടാകുന്നില്ല. അത് പിരിച്ചെടുക്കുന്നതിലുള്ള ഗവൺമെന്റിന്റെ പിടിപ്പുകേടു കൊണ്ടാണ് നികുതി വരുമാനത്തിൽ കുറവുണ്ടാകുന്നത്. കച്ചവടക്കാരിൽ നിന്ന് അവരുടെ ചരക്കുകൾക്ക് പിരിക്കുന്ന നികുതി കയറ്റുമതിക്കാർക്ക് റീഫണ്ടു ചെയ്യുന്നതു മൂലവും അന്തർ സംസ്ഥാനവ്യാപാരത്തിൽ 4 ശതമാനം വരെ സെറ്റ് ഓഫ് കൊടുക്കുന്നതു മൂലവും സംസ്ഥാന സർക്കാരിന്റെ വരുമാനം കുറയാൻ കാരണമാകുന്നു. കംപ്യൂട്ടർ സോഫ്റ്റ് വെയർ, മെഴുകുതിരി, കയർ. വിദ്യാഭ്യാസ സാമഗ്രികൾ , ജീവൻരക്ഷാ മരുന്നുകൾ എന്നിവയ്ക്ക് കരട് ബില്ലിൽ ഉണ്ടായിരുന്ന നികുതി ഈ ഭേദഗതി നിയമത്തിൽ നിന്നൊഴിവാക്കി. അതുപൊലെ ചില മേഖലകളിൽ സൗജന്യമൊഴിവാക്കി, രണ്ടു ശതമാനം സി.എസ്.ടി. കുറയുന്നതിന്റെ ഫലമായി കേരളത്തിന് 147 കോടി രൂപ നഷ്ടമാകുന്നു. 4 ശതമാനം കൺസെഷൻ കിട്ടിയിരുന്ന ഉൽപ്പന്നങ്ങളിൽ 110 ഇനങ്ങൾ ഉയർന്ന നികുതിയിൽ പെടുത്തി. ഡീസലിന്റെ നികുതി ഈ ബില്ലിലെ വ്യവസ്ഥ പ്രകാരം ഡീസലിന്റെ നികുതി 24 ശതമാനത്തിൽ നിന്ന് 40 ശതമാനമായും മണ്ണെണ്ണയുടേത് 12 ശതമാനത്തിൽ നിന്ന് 20 ശതമാനമായും വർദ്ധിച്ചു. കെ.ജി.എസ്.ടി. ആക്ടിലെ സെക്ഷൻ 10-ൽ എക്സംപ്റ്റ് ചെയ്യാനും റേറ്റ് റെഡ്യൂസ് ചെയ്യാനും വ്യവസ്ഥയുണ്ടായിരുന്നു. അതിന് സമാനമായ ഒരു വകുപ്പും പുതിയ ഭേദഗതി നിയമത്തിൽ കൊടുത്തിട്ടില്ല. താഴ്ന്ന നിരക്കിൽ ടാക്സ് നോട്ടിഫൈ ചെയ്യുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്യണം. സ്പെഷ്യൽ അഡീഷണൽ ടാക്സിനെ സംബന്ധിച്ച വ്യവസ്ഥ ഈ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തണം. സാധാരണക്കാരൻ ഉപയോഗിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളിൽ പകുതിയോളം ഇനങ്ങൾക്ക് ഇന്നുള്ള നികുതി നിരക്കിനേക്കാൾ കൂടുതൽ നികുതി നിരക്ക് വരുന്നു. ഫുഡ് ഐറ്റങ്ങൾക്കും നോൺ ഫുഡ് ഐറ്റങ്ങൾക്കും നികുതി വർദ്ധിപ്പിച്ചതു കാരണം സാധാരണക്കാരെ പ്രതികൂലമായി ബാധിക്കും. പൊതുവിൽ ഈ നിയമം സാധാരണക്കാരന് ഗുണം ചെയ്യുന്ന ഒന്നല്ല. ജനങ്ങളിൽനിന്ന് നികുതി പിരിച്ച് കയറ്റുമതിക്കാർക്ക് റീഫണ്ട് ചെയ്തു കൊടുക്കുന്ന നടപടിയാണ് ഈ ബില്ലിലുള്ളത്. കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്ത്

കാർഷിക, വാണിജ്യ വിളകളെ വാല്യു ആഡഡ് ടാക്സിൽ നിന്ന് ഒഴിവാക്കണമെന്നുള്ള ആവശ്യം ചർച്ചകളിൽ കേരളം ഉന്നയിച്ചിട്ടില്ല. ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള സെയിൽസ് ടാക്സ് നിയമമനുസരിച്ച് നികുതി പിരിക്കണം. കേരളത്തിലെ കാർഷിക മേഖലയേയും കയർ വ്യവസായത്തേയും പീഡിത വ്യവസായങ്ങളേയുമൊക്കെ വളരെ പ്രതികൂലമായി ബാധിക്കുന്ന ഈ ബില്ലിലെ നികുതി സമ്പ്രദായങ്ങൾ ഒഴിവാക്കി കേരളത്തിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കപ്പെടുന്നതിന് ഒന്നിച്ചു നിന്ന് പോരാടുന്നതിന് പ്രതിപക്ഷം തയ്യാറാണ്. ചെറുകിട വ്യവസായങ്ങളെ നാശത്തിലേയ്ക്ക് നയിക്കുന്നതിന് ഈ ബിൽ ഇടവരുത്തും. കേരളത്തിന് പുറത്തുള്ള വ്യവസായങ്ങളുമായി മൽസരിക്കുന്നതിന് നമ്മുടെ വ്യവസായങ്ങൾക്ക് കഴിയാതെവരും. ഈ ബില്ലിലെ നികുതി ഘടനവഴി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന നികുതിസൗജന്യം ഇല്ലാതാക്കപ്പെടുകയും കേരളത്തിലെ വ്യവസായങ്ങൾ പലതും പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയും ചെയ്യും. കയറ്റുമതി ചെയ്യപ്പെടുന്ന സാധനങ്ങൾക്ക് നാല് ശതമാനം നികുതി ചുമത്തണമെന്ന് സ്പെസിഫൈ ചെയ്ത് പറയേണ്ട ആവശ്യമില്ല. ഈ നിയമം വ്യവസായ മേഖലയിൽ സർക്കാരിന് ഇടപെടാനുള്ള അധികാരവും കഴിവും ഇല്ലാതാക്കുന്നതിന് ഇടവരുത്തും. വ്യാപാരികൾക്ക് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന ഒരു നിയമമാണിത്. ടാക്സസ് അതോറിറ്റിക്കും ബ്യൂറോക്രസിക്കും മുൻകാലങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ വലിയ അധികാരങ്ങളാണ് ഈ ബില്ലിലൂടെ നൽകുന്നത്. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് നികുതിവെട്ടിപ്പ് തടയുന്നതിനും കാര്യക്ഷമമായി നികുതി മുഴുവൻ പിരിച്ചെടുക്കുന്നതിനും കഴിയാത്ത സാഹചര്യത്തിലാണ് ടാക്സസ് അതോറിറ്റിക്ക് കൂടുതൽ അധികാരങ്ങൾ നൽകിയിരിക്കുന്നത്. ചെറുകിട വ്യാപാരികൾക്ക് ഏർപ്പെടുത്തിയ പ്രിസംപ്റ്റീവ് ടാക്സിന് സെറ്റ് ഓഫ് ഏർപ്പെടുത്തിയില്ലെങ്കിൽ അത് അവരെ വളരെ പ്രതികൂലമായി ബാധിക്കും. വ്യവസായത്തേയും കൃഷിയേയും വ്യാപാരികളേയും ജനങ്ങളുടെ ക്ഷേമത്തേയും

പ്രതികൂലമായി ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു നിയമമാണിത്. ഈ നിയമം ധൃതിപിടിച്ച് പാസ്സാക്കാതെ ഒന്നുകൂടി വിശദമായ ചർച്ചയ്ക്ക് വിധേയമാക്കണം.

**<u>ശ്രീ. ബിനോയ് വിശ്വം</u>**: കേരളത്തേയും ജനങ്ങളേയും ബാധിക്കുന്ന ഈ ബില്ലിലെ ദോഷകരമായ പല വ്യവസ്ഥകളും ഒഴിവാക്കുന്നതിനുള്ള സമീപനം സ്വീകരിക്കുന്നതിന് ഈ ഗവൺമെന്റ് തയ്യാറായതായി കാണുന്നില്ല. സമൂഹത്തെ ആകെ ബാധിക്കുന്ന ഇതുപോലുള്ള അടിസ്ഥാന നിയമനിർമ്മാണങ്ങൾ ഇംഗ്ലീഷിൽ ആവർത്തിച്ചാവർത്തിച്ച് നിയമസഭയിൽ അവതരിപ്പിക്കപ്പെടുന്ന രീതിക്ക് മാറ്റമുണ്ടാകണം. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകൾ മിക്കവാറും ഇംഗ്ളീഷിലുള്ളതായിരിക്കും. യഥാർത്ഥത്തിൽ മലയാളം കോപ്പിയാണ് സർക്കുലേറ്റ് ചെയ്യേണ്ടത്. ഇത് നിയമസഭാ ചട്ടത്തിന്റെ ലംഘനമാണ്. സഭ പിരിയുംമുമ്പ് ചെയറിൽനിന്ന് ഇതുസംബന്ധിച്ച് റൂളിംഗ് ഉണ്ടാകണം. 'വാറ്റ്' : മൂല്യവർദ്ധിത നികുതി 126 രാജ്യങ്ങളിൽ നിലവിൽവന്നിരിക്കുന്നതുകൊണ്ട് നമുക്കും അത് സ്വീകരിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ലെന്നാണ് പറയുന്നത്. എന്നാൽ ഏത് സർക്കാരായാലും നികുതി ഘടനയെ സമൂലമായി സ്പർശിക്കുന്ന ഒരു നിയമം കൊണ്ടുവരുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്താൻ തയ്യാറാകണം. സംസ്ഥാനത്തെ മൂന്നരക്കോടിയോളം വരുന്ന ജനങ്ങളെ ഇത് എങ്ങനെ ബാധിക്കുമെന്നുള്ളതിനെക്കുറിച്ച് പഠനം നടത്താൻ സമയമുണ്ടായിരുന്നിട്ടും ഈ സർക്കാർ അതിനു തയ്യാറായിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ഒരു എംപവേർഡ് കമ്മിറ്റിയുടെ ശുപാർശ ഉണ്ടെന്നുള്ളതുകൊണ്ട് സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കപ്പെടണമെന്നില്ല. ഇത് സംസ്ഥാനത്തിന്റെ പുരോഗതിയെ എങ്ങനെ ബാധിക്കുമെന്ന് മനസ്സിലാക്കി അവസാന തീരുമാനമെടുക്കാനുള്ള അധികാരം നിയമസഭയ്ക്കാണ്. ലോകത്തും ഇൻഡ്യയിലും അങ്ങനെയായതുകൊണ്ട് ഇവിടെയും അതാകണമെന്ന് പറയുന്നതിനോട്

യോജിക്കാൻ കഴിയുകയില്ല. യൂറോപ്യൻ മാതൃകയിലുള്ള ഒരു കച്ചവട സ്വഭാവമാണ് ഇതിലൂടെ കാണുന്നത്. രജിസ്റ്റർ ചെയ്ത വൻകിട കച്ചവടക്കാരുടെ മൂന്നിരട്ടിവരും രജിസ്റ്റർ ചെയ്യാത്ത ചെറുകിട കച്ചവടക്കാർ. ചെറുകിട കച്ചവടക്കാരെയാണ് ഇത് സാരമായി ബാധിക്കുന്നത്. തീർച്ചയായും യു.ഡി.എഫ്. തന്നെ ഭാവിയിൽ ഇതിനെ എതിർക്കുന്ന സ്ഥിതി സംജാതമാകും. പട്ടിക 5-ൽ പറഞ്ഞിരിക്കുന്നത് പട്ടിക ഒന്നുമുതൽ നാലുവരെയുള്ളതിൽ പറയാത്ത കാര്യങ്ങളെല്ലാം അതിൽ ഉൾപ്പെടുമെന്നാണ്. ഇത് മഹാഭൂരിപക്ഷം വരുന്ന ചെറുകിട കച്ചവടക്കാരെ മാത്രമല്ല സാധാരണ ജനങ്ങളേയും പ്രതികൂലമായി ബാധിക്കും. ഈ ബിൽ നിയമമായിക്കഴിഞ്ഞാൽ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവു ണ്ടാകാനിടയാകും. ഇൻഡ്യ മുഴുവൻ ബാധകമായ ഒരു നിയമമായതിനാൽ ഇവിടെ മാത്രമായി അതിനൊരു മാറ്റം വരുത്താൻ പറ്റില്ല; ഇത് നിയമമാകുമ്പോൾ നികുതി വ്യവസ്ഥ ലഘൂകരിക്കാനും നികുതി പിരിവിൽ ഏകീകരണമുണ്ടാകാനും കഴിയുമെന്ന വാദം പൊള്ളയാണ്. നമ്മുടേതായ സമീപനംകൊണ്ട് ബില്ലിലെ പഴുതുകൾ മാറ്റാൻ കഴിയണം. ഇൻഡ്യ മുഴുവൻ ബാധകമായ സ്പെഷ്യൽ അഡീഷണൽ ടാക്സിനെപ്പറ്റിയാണ് ബില്ലിലെ 7-ാമത്തെ വകുപ്പിൽ പറയുന്നത്. നികുതി പിരിവ് ലഘൂകരിക്കുന്നതിന് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള 16, 17 എന്നീ വകുപ്പുകൾ സങ്കീർണ്ണവും ഫലത്തിൽ വമ്പൻമാരായ കച്ചവടക്കാരെ രക്ഷിക്കാനുതകുന്നവയുമാണ്. ഈ വകുപ്പുകൾ വഴി കച്ചവടക്കാർ ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ ഇരകളായിത്തീരും. സ്വർണ്ണാഭരണങ്ങളുടെ നികുതി ഒരു ശതമാനത്തിൽ നിന്ന് 4 ശതമാനമാക്കിയിരിക്കുന്നത് സ്വർണ്ണത്തിന്റെ വിലയിൽ വർദ്ധനവു ണ്ടാക്കാനും ഇന്നത്തേതിലും കൂടുതൽ നികുതി വെട്ടിപ്പിനും ഇടയാക്കും. ന്യായമായ നികുതി പിരിച്ചെടുത്താൽ മാത്രമേ നികുതി പിരിവ് യാഥാർത്ഥ്യമാവുകയുള്ളു. ഈ ബിൽ നിയമമായാൽ നികുതി രംഗത്ത് അടിത്തറയില്ലാതാകും.

<u>ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002–ലെ കേരള വാല്യു ആഡഡ് സെയിൽസ് ടാക്സ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഇത്തരം ബിൽ അവതരിപ്പിച്ച് നിയമമാക്കാൻ പോകുന്നു വെങ്കിലും നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ ഇതുവരേയും ഇതിനുള്ള ബിൽ അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ ഇത് കേരളത്തെ എങ്ങനെ ബാധിക്കുമെന്നത് പരിശോധനാ വിധേയമാക്കണം. ഈ ബിൽ നടപ്പാക്കുമ്പോൾ ചെറുകിട കച്ചവടക്കാരെയും സാധാരണ ക്കാരെയും എങ്ങനെ ബാധിക്കുമെന്നത് പരിശോധിക്കണം; സിംഗിൾ പോയിന്റ് നികുതി മൾട്ടി പോയിന്റായി മാറാനിടവരും. നിത്യോപയോഗ സാധനമായ അരിക്ക് ചുമത്തിയിട്ടുള്ള നികുതി ഒരു ശതമാനത്തിൽ തന്നെ നിലനിറുത്തണം. ചെറുകിട വ്യവസായികൾ അസംസ്കൃത സാധനങ്ങൾ വാങ്ങുമ്പോൾ കിട്ടുന്ന നികുതിയിളവ് അന്യസംസ്ഥാനങ്ങളിൽ നിന്ന് അസംസ്കൃത സാധനങ്ങൾ വാങ്ങുമ്പോഴും ലഭിക്കാനുള്ള വ്യവസ്ഥ ബില്ലിലുണ്ടാകണം. ബില്ലിലെ 4–ാം പട്ടികയിൽ മരുന്ന് ഉൾപ്പെടുത്തിയാൽ നിലവിലുള്ള 8 ശതമാനം നികുതി പന്ത്രണ്ടര ശതമാനമാകും. ഇത് മരുന്നിന്റെ വിലവർദ്ധനവിനിടയാക്കും. കേരളത്തിലെ വ്യവസായങ്ങൾ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് മാറ്റിക്കൊണ്ടുപോകുന്നത് തടയാനും അവയുടെ പ്രവർത്തനം ശക്തിപ്പെടുത്താനും ഈ നിയമം സഹായിക്കും. മാത്രമല്ല, കേരളീയർ അന്യസംസ്ഥാനങ്ങളിൽനിന്ന് സാധനങ്ങൾ വാങ്ങി ടാക്സ് വെട്ടിപ്പ് നടത്തിയിരുന്നത് ഒഴിവാക്കുന്നതിനും സംസ്ഥാനത്തു നിന്നുതന്നെ ജനങ്ങൾ സാധനങ്ങൾ വാങ്ങുന്നതിനും ഈ ബിൽ വഴിതെളിക്കും. ടാക്സ് രജിസ്ട്രേഷനുള്ള പരിധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുന്നത് ചെറിയ പീടികകളിലെ കച്ചവടക്കാരെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ട് ടാക്സ് രജിസ്ട്രേഷനുള്ള ഈ പരിധിയും ടാക്സ് അടയ്ക്കാനുള്ള പരിധി 2 ലക്ഷം രൂപ എന്നുള്ളതും ഉയർത്തണം. സെയിൽസ് ടാക്സ് പ്രാക്ടീഷണർമാർക്ക് ഈ നിയമത്തെ സംബന്ധിച്ച്

അവബോധം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കണം. അല്ലെങ്കിൽ സെയിൽസ് ടാക്സിനെക്കുറിച്ച് നല്ല പരിജ്ഞാനമുള്ള കണക്കെഴുത്തുകാരായി നാം വിശേഷിപ്പിച്ചിരുന്നവർ ഈ നിയമം നടപ്പിലാക്കുമ്പോൾ പുറന്തള്ളപ്പെടുകയും അതുവഴി കൂടുതൽ തൊഴിലില്ലായ്മ ഉണ്ടാവുകയും ചെയ്യും. അതുകൊണ്ട് അവർക്ക് ട്രെയിനിംഗ് നൽകാനുള്ള സംവിധാനത്തെക്കുറിച്ച് ഗൗരവമായി ഗവൺമെന്റ് ആലോചിക്കണം.

<u>**ശ്രീ.എൻ. രാജൻ**</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള വാല്യൂ ആഡഡ് സെയിൽസ് ടാക്സ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നയത്തിന്റെ ഫലമായി 2003 ഏപ്രിൽ മുതൽ ഈ നിയമം നടപ്പിലാക്കാൻ കേരള സംസ്ഥാനം നിർബന്ധിതമായിരിക്കുന്നു. സംസ്ഥാനത്തിന് ഇതുവഴി ഉണ്ടാകുന്ന ഗുണദോഷങ്ങൾ പരിശോധിക്കാതെയാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ടാക്സിംഗ് സിസ്റ്റം ലഘൂകരിക്കാനോ, സുതാര്യമാക്കാനോ, ഏകീകരിക്കാനോ ഈ ബില്ലുകൊണ്ട് ഗവൺമെന്റിന് കഴിയുകയില്ല. ഈ ബിൽ സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന റവന്യൂ നഷ്ടം നികത്തുമെന്ന കേന്ദ്ര ഗവൺമെന്റിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കാൻ ഗവൺമെന്റ് ശ്രമിക്കണം. സംസ്ഥാനത്ത് എ.ഡി.ബി.ക്കും, വിദേശ കുത്തകകൾക്കും വ്യാപാര ശൃംഖല ഉണ്ടാക്കി ക്കൊടുക്കുന്നതിന്റെ ആദ്യ ചുവടുവയ്പാണ് ഈ ബിൽ. കരട് ബില്ലിലില്ലായിരുന്ന കോമ്പൗണ്ടിംഗ് സിസ്റ്റം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തുവന്ന ഈ ബില്ലിൽ ഉൾപ്പെടുത്തിയത് ആരെ സഹായിക്കാനാണെന്ന് വ്യക്തമാക്കണം. പ്രൊഡക്ഷൻ അനുസരിച്ച് ടാക്സ് തീരുമാനിക്കുന്നതിനുപകരം മെഷിനറിയുടെ അടിസ്ഥാനത്തിൽ ടാക്സ് നിശ്ചയിക്കുന്നത് ഗ്രാനൈറ്റ് വ്യവസായികൾക്കും മറ്റും ഗുണകരമായിത്തീരും. ആയതിനാൽ ആ വ്യവസ്ഥയിൽ

മാറ്റം വരുത്തണം. ക്ളാസ്-7-ൽ സർക്കാരിന് ഉചിതമെന്ന് തോന്നുമ്പോൾ 40% വരെ സ്പെഷ്യൽ അഡീഷണൽ ടാക്സ് ചുമത്താമെന്നുള്ള വ്യവസ്ഥ വിലവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ അതിൽ മാറ്റം വരുത്തണം. ഇത്തരം നിയമം നടപ്പാക്കുന്ന മറ്റു സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത എൻട്രി ടാക്സ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ദോഷകരമായതിനാൽ അത് പിൻവലിക്കണം. 11(5) ഉപവകുപ്പിൽ ഏർപ്പെടുത്തിയിരിക്കുന്ന ഇൻപുട്ട് ടാക്സ് വിലവർദ്ധനവിന് കാരണമാകും. അതിലും മാറ്റം അനിവാര്യമാണ്. സാധാരണക്കാരന് ഏറ്റവും കൂടുതൽ ദോഷം ചെയ്യുന്നതും നിത്യോപയോഗ സാധനങ്ങൾക്കടക്കം വിലക്കയറ്റമുണ്ടാക്കുന്നതും ലക്ഷറി ഐറ്റങ്ങളുടെ വില കുറയ്ക്കുന്നതുമാണ് ഈ നിയമം. ഈ നിയമം നടപ്പിലാക്കുന്നതിലൂടെ ട്രെയിൻ മാർഗ്ഗം ചരക്ക് കടത്തുമ്പോഴുണ്ടാകുന്ന വരുമാനം കുറയും. ഈ നിയമത്തിലെ പല വകുപ്പുകളും ടാക്സ് വർദ്ധിപ്പിക്കുന്നതും ദുരൂഹതകൾ നിറഞ്ഞതുമായതുകൊണ്ട് ഒരു വിശദമായ ചർച്ചയ്ക്ക് അവസരമുണ്ടാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>** : ഈ നിയമം സംസ്ഥാനത്തിന് താൽക്കാലികമായി വരുമാനത്തിൽ കുറവുണ്ടാക്കുമെങ്കിലും കാലക്രമേണ ഇത് സംസ്ഥാനത്തിന് വളരെയധികം പ്രയോജനം ചെയ്യും. ഇത് സംസ്ഥാനത്ത് ഏകപക്ഷീയമായി നടപ്പാക്കാൻ കഴിയുന്ന ഒരു നിയമമല്ല. എംപവേർഡ് കമ്മിറ്റിയാണ് ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് രൂപം നൽകിയത്. ഈ ബില്ലിന് ട്രാൻസ്പേരൻസി ഉണ്ട് എന്നതാണ് ഒരു പ്രധാന കാര്യം. വാങ്ങുന്ന സാധനത്തിന്റെ ഉൽപ്പാദനച്ചെലവും ലാഭവും ടാക്സും വേർതിരിച്ചറിയാൻ വാല്യൂ ആഡഡ് ടാക്സ് സിസ്റ്റം ഉപകരിക്കും. എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം വില രേഖപ്പെടുത്തുമെങ്കിലും ലാഭമെടുക്കുന്നത് എത്രയാണെന്ന് അറിയാൻ കഴിയില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്നു വാങ്ങുന്ന സാധനങ്ങൾക്ക് ലോക്കൽ ടാക്സ് കുറയുമെന്നതാണ് ഈ നികുതി സിസ്റ്റം നടപ്പിലാക്കിയാലുണ്ടാകുന്ന നേട്ടം.

കേരളം പോലുള്ള ഒരു കൺസ്യൂമർ സംസ്ഥാനത്തിന് ഈ ടെസ്റ്റ് ഓഫ് സിസ്റ്റം ഗുണകരമാണ്. സർവീസ് ടാക്സ് ഏർപ്പെടുത്താൻ സംസഥാനങ്ങൾക്ക് അധികാരം കൊടുക്കുന്ന കാര്യവും സ്വാഗതാർഹമാണ്. ബില്ലിലെ ചില ക്ലാസുകളിൽ ഭേദഗതികൾ കൊണ്ടു വന്നില്ലെങ്കിൽ അവ ദുരുപയോഗം ചെയ്യപ്പെടും. ചെറിയ കച്ചവടക്കാർക്ക് ഹരാസ്മെന്റ് ഉണ്ടാകാൻ പാടില്ലാത്തവിധം ബില്ലിലെ ചില വ്യവസ്ഥകളിൽ മാറ്റം വരുത്തണം. റബ്ബർ ചെരുപ്പ് കൂടി മൂന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണം.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** ബിൽ അവതരിപ്പിച്ചുകൊണ്ട് ബില്ലിന്റെ പ്രധാനപ്പെട്ട വശങ്ങളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ വാല്യൂ ആഡഡ് ടാക്സ് നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന നികുതി ഏകീകരണത്തെക്കുറിച്ചും ആമുഖമായി പറഞ്ഞുകഴിഞ്ഞു. ഈ ബിൽ നടപ്പാക്കേണ്ടത് ആവശ്യമാണെന്ന് പ്രതിപക്ഷവും സമ്മതിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിലെ മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും ഈ ബില്ലിന്റെ വിവിധവശങ്ങളെപ്പറ്റി സംസ്ഥാന പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്തിട്ടുണ്ടെന്ന് വ്യക്തമാണ്. അതിന്റെ അടിസ്ഥാനത്തിൽ സാധാരണക്കാർക്ക് ആവശ്യമുള്ള സാധനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പെട്രോൾ, ഡീസൽ തുടങ്ങിയവ വാല്യൂ ആഡഡ് ടാക്സിന്റെ പരിധിക്ക് പുറത്താണ്. സംസ്ഥാന ഗവൺമെന്റിന്റെ നികുതിഘടനയിൽ മാറ്റം വരുത്താൻ പ്രൊവിഷനുണ്ടെങ്കിലും അത് എങ്ങനെ വേണമെന്ന് തീരുമാനിച്ചിട്ടില്ല. ഈ നിയമത്തിൽ അപാകതകളുണ്ടെങ്കിൽ വകുപ്പു തിരിച്ചുള്ള ചർച്ചാവേളയിൽ അവ പരിഹരിക്കാവുന്നതാണ്.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വാല്യൂ ആഡഡ് സെയിൽസ് ടാക്സ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

(ചർച്ച അടുത്ത ദിവസം തുടരുന്നതാണ്.)

സഭ ഉച്ചയ്ക്കുശേഷം 1.32-ന് പിരിഞ്ഞു.